(9) ചെക്ക് പോസ്റ്റുകൾ വഴി കടന്നുപോകുന്ന വാഹനങ്ങൾ ഇന്റലിജന്റ് സ് വിഭാഗം വീണ്ടും പരിശോധന നടത്തി നികുതി വെട്ടിപ്പ് തടയുന്നു.

(ബി) 2004-05 സാമ്പത്തിക വർഷം വിൽപ്പന നികുതിയിനത്തിൽ ലക്ഷ്യ മിട്ടിരുന്ന തുക 7123 കോടി രൂപയാണ്. ഇതിൽ 2004 ഡിസംബർ വരെ 4405.46 കോടി രൂപ സമാഹരിച്ചു.

(സി) 31-12-2004-ലെ കണക്കനുസരിച്ച് വിൽപ്പന നികുതി വരുമാനം മുൻവർഷത്തേക്കാൾ 525.87 കോടി കൂടുതലാണ്. ഇത് 14 ശതമാനം വർദ്ധനവാണ്.

(ഡി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വരുമാനത്തിൽ 2003-04 വർഷത്തിൽ 150.25 കോടി രൂപയും 2004-05 വർഷത്തിൽ ഡിസംബർ 31 വരെ 185 കോടി രൂപയും അധികം ലഭിച്ചിട്ടുണ്ട്.

(ഇ) വിൽപ്പന നികുതി കുടിശ്ശികയിനത്തിൽ 2004-05 വർഷത്തിൽ പിരിഞ്ഞു കിട്ടാനുള്ളത് 2661.12 കോടി രൂപയാണ്. ഓരോ ഇനത്തിലുമുള്ള കുടിശ്ശികയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.†

സ്വർണ്ണവ്യാപാരികളിൽ നിന്നും അർഹമായ നികുതി പിരിച്ചെടുക്കുവാൻ നടപടി

19 [194] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-02 സാമ്പത്തിക വർഷം മുതൽ 2004-05 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷത്തെയും വിൽപ്പന നികുതി എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷങ്ങളിൽ സ്വർണ്ണവ്യാപാരത്തിൽ നിന്നും ലഭിച്ച വിൽപ്പന നികുതി എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) സ്വർണ്ണവ്യാപാരികൾ പരസ്യത്തിനുവേണ്ടി ചെലവഴിക്കുന്ന തുകയുടെ വളരെ കുറഞ്ഞ തുക മാത്രമാണ് നികുതിയായി നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി) കേരളത്തിൽ ഏറ്റവും കൂടുതൽ വ്യാപാരം നടക്കുന്ന സ്വർണ്ണ വ്യാപാര ത്തിൽ നിന്നും അർഹമായ നികുതി പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2001-2002 മുതൽ 2003-2004 വരെയും സാമ്പത്തിക വർഷത്തിൽ ഡിസംബർ വരെയും പിരിഞ്ഞുകിട്ടിയ വിൽപ്പന നികുതി താഴെ വിവരിക്കുന്നു:

വർഷം	*വിൽപ്പന നികുതി*
2001-2002	4440.85 കോടി രൂപ
2002-2003	5380.63 കോടി രൂപ
2003-2004	6081.13 കോടി രൂപ
2004-2005 (ഡിസംബർ വരെ)	4405.46 കോടി രൂപ

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇന്റലിജൻസ് വിഭാഗവും ഇൻവെസ്റ്റിഗേഷൻ വിഭാഗവും ശക്തിപ്പെടുത്തി സ്വർണ്ണവ്യാപാരത്തിന് സമാന്തര വിപണി നടത്തുന്ന വ്യാപാരികളെ കണ്ടുപിടിക്കുകയും വേണ്ട നടപടികൾ എടുക്കുകയും ചെയ്യുന്നു. പാർസൽ ആഫീസുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ റിക്കാർഡുകൾ പരിശോധിച്ച് നികുതി ചോർച്ച തടയുന്നതിനാവശ്യമായ വിവരം ശേഖരിക്കുന്നുണ്ട്. കോമ്പൗണ്ടിംഗ് സമ്പ്രദായത്തിൽ ഉൾപ്പെടാത്തവരുടെ പ്രൊവിഷണൽ അസസ്മെന്റും കണക്കു പുസ്തകങ്ങളുടെ സൂക്ഷ്മപരിശോധനയും നടത്തി നികുതി വെട്ടിപ്പ് നടത്തുന്നില്ലായെന്നും ഉറപ്പുവരുത്തുന്നു. നികുതി വെട്ടിപ്പ് സംബന്ധിച്ച് വിശ്വസനീയമായ വിവരം ലഭിച്ചു കഴിഞ്ഞാൽ വിൽപ്പന നികുതി ചട്ടത്തിലെ റൂൾ 26 പ്രകാരം വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് നികുതി വെട്ടിപ്പ് തടയുകയും ആവശ്യമായ കേസ്സുകളിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. റെയിൽവേ സ്റ്റേഷൻ, വിമാന താവളങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തുന്ന നികുതി വെട്ടിപ്പ് തടയാൻ പ്രത്യേക പരിശോധന നടത്തുന്നുണ്ട്. വ്യാപാര സ്ഥാപനങ്ങളിൽ അല്ലാതെ മറ്റു സ്ഥലങ്ങളിൽ സ്വർണ്ണ വ്യാപാരം നടത്തുന്നത് കണ്ടുപിടിച്ച് വേണ്ട നടപടികൾ എടുക്കാറുണ്ട്.

അധിക നികുതി നിർദ്ദേശങ്ങൾ

20 [195] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം മുതൽ നാളിതുവരെ ഏതെല്ലാം അധിക നികുതി നിർദ്ദേശങ്ങളാണ് ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഇങ്ങനെ അധിക നികുതി ചുമത്തിയതിലൂടെ ഓരോ സാമ്പത്തിക വർഷവും ഖജനാവിലേക്ക് എത്ര കോടി രൂപ സ്വരൂപിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത് ഓരോ സാമ്പത്തിക വർഷത്തെയും ആകെ റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ 2001 ഒക്ടോബർ 8-ാം തീയതിയിലെ ജി.ഒ.പി. നമ്പർ 115/01/റ്റി.ഡി. പ്രകാരം ബാർ ലൈസൻസ് ഫീസ് 13 ലക്ഷം രൂപയിൽ നിന്ന് 15 ലക്ഷം രൂപയായും 2004 നവംബർ 22-ാം തീയതിയിലെ ജി.ഒ.പി. നമ്പർ 184/04/റ്റി.ഡി. പ്രകാരം 18 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള ഡിസ്റ്റലറി ആന്റ് വെയർ ഹൗസ് റൂൾ അനുസരിച്ച് 2004-05 സാമ്പത്തിക വർഷത്തിൽ ഫോറം നമ്പർ 1-ന് 10,000 രൂപയിൽ നിന്ന് 1 ലക്ഷം രൂപയായും ഫോറം നമ്പർ 2-ന് 25,000 രൂപയിൽ നിന്ന് 1 ലക്ഷം രൂപയായും ഫോറം നമ്പർ 3-ന് 15,000 രൂപയിൽ നിന്ന് 1 ലക്ഷം രൂപയായും എഫ്.എൽ. 6 ലൈസൻസിന് പ്രതിദിന ഫീസ് 10,000 രൂപയായും വർദ്ധിപ്പിച്ചു. 2003-04-ലെ അബ്കാരി പോളിസി പ്രകാരം ഷാപ്പുകളുടെ ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള ഫോറിൻ ലിക്കർ (കോമ്പൗണ്ടിംഗ് ബ്ലെണ്ടിംഗ് ആന്റ് ബോട്ടിലിംഗ്)

LIBRARY ARCHIVES Kerala Legislative Assembly